**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2018-19 – 2017-18 സാമ്പത്തിക വർഷത്തിലെ പ്രാദേശിക സർക്കാരുകൾക്കുള്ള പൊതു ആവശ്യ ഫണ്ട്/പരമ്പരാഗത ചുമതലകൾക്കുള്ള ഫണ്ട് - ട്രാൻഫർ ക്രഡിറ്റ് ചെയ്യാതെ പോയ തുക പ്രാദേശിക സർക്കാരുകൾക്ക് പുനരനുവദിച്ചത് - ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം. 9604/2018/ധന.　　　　തീയതി, തിരുവനന്തപുരം, 22 നവംബർ 2018

---

പരാമർശം. 1) സ.ഉ (സാധാ) നം.8973/2018/ധന തീയതി 31/10/2018

2) സ.ഉ (സാധാ) നം. 1571/2018/ധന തീയതി 01/03/2018

3) പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 12/11/2018 ലെ എ 3-850/18-ാം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2017-18 സാമ്പത്തിക വർഷം തീരുന്നതിന് മുമ്പായി ട്രഷറിയിൽ ബില്ല് സമർപ്പിക്കാത്തതിനാൽ ചില പ്രാദേശിക സർക്കാരുകൾക്ക് നഷ്ടപ്പെട്ടുപോയ പൊതു ആവശ്യഫണ്ടിലെ തുകയും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസ് തുകയും ബില്ല് സമർപ്പിച്ചവയിൽ ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടുപോയ തുകയും പരാമർശം (1) ലെ ഉത്തരവ് പ്രകാരം അതാത് പ്രാദേശിക സർക്കാരുകൾക്ക് അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2) 2015-16 സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് 10-ാം ഗഡുവായി അനുവദിച്ചതും ട്രാൻഫർ ക്രഡിറ്റ് ചെയ്യാത്തതുമായ പൊതു ആവശ്യഫണ്ട് തുകയായ 19,08,334/- രൂപ പരാമർശം (2) ലെ ഉത്തരവ് പ്രകാരം പുനരനുവദിക്കുകയും ആയത് ബിൽ സമർപ്പിച്ച് ട്രഷറിയിൽ നിന്ന് പ്രാദേശിക സർക്കാരിന്റെ എസ് റ്റി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും പൊതു ആവശ്യഫണ്ടിനത്തിൽ മുൻ വർഷങ്ങളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാതെ പോയ ഇനത്തിൽ തുകകളൊന്നും ഇനി അനുവദിക്കാനില്ലെന്നും പരാമർശം (3) പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാപഞ്ചായത്തിന് (D030000) '3604-00-200-88-(03)-NP' എന്ന കണക്ക് ശീർഷകത്തിൽ പുനഃരനുവദിച്ച 19,08,334/-രൂപ (പത്തൊൻപത് ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി മുപ്പത്തിനാല് രൂപ മാത്രം) റദ്ദ് ചെയ്തും ടി ഉത്തരവിലെ അനുബന്ധം III പിൻവലിച്ചും ഉത്തരവാകുന്നു.

4) പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-917568)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ